# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3473. 21.12.2012-ൽ മറുപടിക്ക്.

## ഇ.എം.എസ് ഭവന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മാത്യു.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ.സി.കെ.നാണു | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി) |
| (എ) ഇ.എം.എസ് ഭവന പദ്ധതി ആരംഭിച്ചതെന്നാണ്; | (എ) | ഇ.എം.എസ് ഭവന പദ്ധതി 2009-10 വർഷത്തിലാണ് ആരംഭിച്ചിട്ടുള്ളത്. |
| (ബി) ഭൂരഹിതരും ഭവനരഹിതരുമായ എത്ര പേർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്; | (ബി) | 30.11.2012 ലെ പുരോഗതി റിപ്പോർട്ട് പ്രകാരം 31.03.2012 വരെ എഗ്രിമെന്റ് വച്ച് നിർമ്മാണം ഏറ്റെടുത്ത ഗുണഭോക്താക്കളിൽ 115503 പേരുടെ വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതും 53856 വീടുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയുമാണ്. 10462 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. |
| (സി) ലക്ഷം വീട് കോളനികളിൽ എത്ര വീടുകൾ പ്രസ്തുത പദ്ധതിയിലൂടെ പുനർ നിർമ്മിക്കുകയോ അറ്റകുറ്റ പണികൾ നടത്തുകയോ ചെയ്തിട്ടുണ്ട്; | (സി) | ലക്ഷം വീട് കോളനികളുടെ നവീകരണം എം.എൻ ലക്ഷം വീട് നവീകരണ പദ്ധതി പ്രകാരമാണ് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ളത്. 30.11.2012 ലെ പുരോഗതി റിപ്പോർട്ട് പ്രകാരം 5990 വീടുകളുടെ നവീകരണം പൂർത്തീകരിക്കുകയും 6437 വീടുകളുടെ നവീകരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കാൻ തീരുമാനിച്ചിട്ടു ണ്ടോ? | (ഡി) | ഇ.എം.എസ് ഭവന പദ്ധതി 2009-11 കാലയളവിൽ നടപ്പിലാ ക്കുന്നതിനാണ് ലക്ഷ്യമിട്ടിരു ന്നത്. എന്നാൽ പിന്നീട് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് (2011-12) ഉത്തരവായിരുന്നു. 31.03.2012 ന് പദ്ധതി കാലാവധി അവസാനിച്ചു. എന്നാൽ 31.03.2012 ന് മുമ്പ് എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് നിലവിൽ പുതുക്കിയ നിരക്കിൽ ധനസഹായം പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീ കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ